**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജണ്ട നിർമ്മാണ അഴിമതിയിലെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ജണ്ട നിർമ്മാണത്തിന് ചെലവഴിച്ച തുകയും പ്രസ്തുത പ്രവൃത്തിയിലെ ക്രമക്കേട് കാരണം സർക്കാരിന് ഉണ്ടായ നഷ്ടവും നാളിതുവരെയുള്ള അന്വേഷണ പുരോഗതിയും ഓരോ നിർമ്മാണത്തിനും ചെലവഴിച്ച അടങ്കൽ തുക എത്രയാണെന്നും വിശദമാക്കുമോ; | (എ) | തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 2019-20 സാമ്പത്തികവർഷം 149.94 ലക്ഷം രൂപയുടെയും, 2020-21 സാമ്പത്തിക വർഷത്തിൽ 269.09 ലക്ഷം രൂപയുടെയും അടങ്കൽ തുക തയ്യാറാക്കിയിട്ടുള്ളതിൽ 2019-20 വർഷം 126.08 ലക്ഷം രൂപയും, 2020-21 സാമ്പത്തിക വർഷത്തിൽ 304.70 ലക്ഷം രൂപയും ജണ്ട നിർമ്മാണത്തിന് ചെലവഴിച്ചിട്ടുള്ളതായി സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റെയിഞ്ചിലെ പെരിങ്ങമല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തിയതിൽ 8,01,035/-രൂപ സർക്കാർ നഷ്ടം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം വിവിധ ഘട്ടങ്ങളിലാണെന്ന് അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിൽ ജണ്ട നിർമ്മാണവുമായുള്ള ക്രമക്കേടുകളിൽ ഉത്തരവാദികളായ ശ്രീ.ബി.അജിത്കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.ആർ.ബി.അരുൺകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതിനും, നഷ്ടം ഈടാക്കുന്നതിനും ശുപാർശ ചെയ്തതിൻറെ അടിസ്ഥാനത്തിൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തുടർനടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച അന്വേഷണം സമയബന്ധിതമായി പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കാൻ |

| | | | |
|---|---|---|---|
| | | | അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസിനും അന്വേഷണത്തിലെ കണ്ടെത്തലുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കുന്നതിന് അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | ക്രമക്കേടിന്റെ അന്വേഷണവും മേൽനോട്ടവും വനം വകുപ്പിലെ ഏത് വിഭാഗമാണ് നടത്തുന്നതെന്നും ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് വനംവകുപ്പ് നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/ കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ വിശദമായ അന്വേഷണം നടത്തി വരുന്നുണ്ടെന്ന് വിജിലൻസ് വിഭാഗം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണവും, വെരിഫിക്കേഷനും തുടർനടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | കുറ്റക്കാരായ ഉയർന്ന ഉദ്യോഗസ്ഥരെ രക്ഷിക്കുന്നതിനായി അന്വേഷണ മേൽനോട്ടം വഹിക്കുന്നവർ മനഃപൂർവം കാലതാമസം വരുത്തി അന്വേഷണം അട്ടിമറിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയപരിധി അടക്കം നിശ്ചയിച്ച് അന്വേഷണം പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ